നീതിബോധം നഷ്ടപ്പെട്ടിട്ടില്ലാത്ത
ഒരു ജനത ഇന്നുമുണ്ടെന്ന് വി.എസ്സിന്
വേണ്ടി തെരുവിലിറങ്ങിയവർ
ബോധ്യപ്പെടുത്തിയതുമാത്രമാണ്
ഈ തെരഞ്ഞെടുപ്പിലെ
ഏക പ്രതീക്ഷയെന്ന്
**സി.ആർ. പരമേശ്വരൻ**

# അസംബന്ധനാടകത്തിലെ അന്ധഭടന്മാർ

**മത്സരിക്കുന്ന** കക്ഷികൾ പുതിയ കാഴ്ച്ചപ്പാടോ പദ്ധതികളോ മുന്നോട്ട് വയ്ക്കാത്ത ഒരു തെരഞ്ഞെടുപ്പാണ് നടക്കാൻ പോകുന്നത്. ഇടതിനും വലതിനും പ്രത്യേകിച്ച് അജണ്ടകളൊന്നുമില്ല. രാഷ്ട്രീയ സദാചാരം നഷ്ടമായ മുന്നണികളെല്ലാം അഴിമതി നടത്താനുള്ള മാർഗ്ഗങ്ങളാണ് തിരഞ്ഞുകൊണ്ടിരിക്കുന്നത്. അന്ധൻമാരായ ഭടന്മാർ ഇരുട്ടിൽ പടവെട്ടുന്നതുപോലെയാണ് ദിശാബോധമില്ലാത്ത മുന്നണികൾ ഇവിടെ ഇലക്ഷനിൽ മത്സരിക്കുന്നത്.

നിരവധി പോരായ്മകളുണ്ടെങ്കിലും അഴിമതിക്കെതിരെ ഉറച്ച നിലപാടെടുത്ത വ്യക്തി എന്ന നിലയിൽ വി.എസ്. അച്യുതാനന്ദന് വലിയ പ്രാധാന്യമുണ്ട്. പുതുമയില്ലാത്ത ആശയങ്ങൾ, സ്റ്റാലിനിസ്റ്റ് ഹാങ്ങ്ഓവർ തുടങ്ങിയ ന്യൂനതകൾ ഇപ്പോഴും അദ്ദേഹത്തെ പിന്തുടരുന്നെങ്കിലും നമ്മുടെ രാഷ്ട്രീയ സംവിധാനത്തിനുള്ളിൽ അഴിമതിക്കെതിരെ ഉറച്ച നിലപാടുമായി നിലകൊള്ളുക എന്നത് പ്രയാസമുള്ള കാര്യമാണ്. എന്നാൽ വലിയ രാഷ്ട്രീയ തന്ത്രമുണ്ടെങ്കിൽ മാത്രമെ അദ്ദേഹം മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയത്തെ എൽ.ഡി.എഫിന്റെ രാഷ്ട്രീയമായി പരിണമിപ്പിക്കാൻ കഴിയുകയുള്ളൂ. കേരളത്തിൽ ഒരു ഇടത് polarization സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിയുമോ എന്നത് സംശയമാണ്. അഭേദ്യമായ ഒരു രീതിയിൽ സി.പി.എമ്മിന്റെ പാർട്ടി സംവിധാനത്തെ അഴിമതിയുടെ ഭാഗമാക്കി തീർത്തിരിക്കുകയാണ് പിണറായി വിഭാഗം. ഈ തെരഞ്ഞെടുപ്പിൽ മൂന്ന് തരത്തിലുള്ള മത്സരമാണ് കേരളത്തിൽ നടക്കുന്നത്. ഒന്ന് യു.ഡി.എഫും എൽ.ഡി.എഫും തമ്മിൽ, രണ്ട് യു.ഡി.എഫും അച്യുതാനന്ദനും തമ്മിൽ മൂന്ന് സി.പി.എം ഔദ്യോഗിഗ വിഭാഗവും അച്യുതാനന്ദനും തമ്മിൽ. എന്നാൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതുകൊണ്ട് സി.പി.എമ്മിലെ അഴിമതി ലോബിയുമായി അദ്ദേഹത്തിന് സന്ധിചെയ്യേണ്ടി വരും. കഴിഞ്ഞ അഞ്ച്കൊല്ലം ഓരോഘട്ടത്തിലും വി.എസിനെ എതിർത്ത സ്വന്തം പാർട്ടിക്കാർക്ക് വേണ്ടി

അദ്ദേഹത്തിന് വോട്ട് ചോദിക്കേണ്ടിവരും. അത്തരത്തിലൊരു അസംബന്ധം കൂടി ഈ തെരഞ്ഞെടുപ്പിൽ സംഭവിക്കുന്നുണ്ട്. അധികാരത്തിൽ വന്ന് മുഖ്യമന്ത്രിയായാലും പ്രതിപക്ഷ നേതാവായാലും വി.എസ്. അച്യുതാനന്ദന് അഴിമതി നിറഞ്ഞ പാർട്ടി സംവിധാനത്തെ എതിർത്ത് പ്രവർത്തിക്കാൻ പ്രയാസമാകും. യു.ഡി.എഫ് അധികാരത്തിൽ വരുന്നത് ഒട്ടും ആശാസ്യമല്ല. രാഷ്ട്രതന്ത്രജ്ഞത ഒട്ടുമില്ലാത്ത നേതാക്കന്മാരാണ് അതിലുള്ളതെല്ലാം. മതമേധാവികളുടെ ഭരണമാകും അവർ വന്നാൽ ഉണ്ടാകാൻ പോകുന്നത്. ത്തിൽ പിണറായിയെ വെല്ലുവിളിച്ച് ഒരാൾ തെരുവിലിറങ്ങുന്നതിനുള്ള അപകടസാധ്യതയെക്കുറിച്ച് കൂടി ആലോചിക്കണം. പാർട്ടിക്കാരേക്കാൾ കൂടുതൽ സാധാരണക്കാരായ ജനങ്ങളാണ് തെരുവിലിറങ്ങിയത്. വി.എസിനോടുള്ള ആരാധനയായിരിക്കാം അവരെ അതിന് പ്രേരിപ്പിച്ചത്. പക്ഷെ നീതിബോധം തന്നെയാണ് അതിന് പിന്നിലുള്ള ആത്യന്തികമായ വികാരം. വി.എസ് ഒരുപക്ഷെ നാളെ ഇവരുടെ ആവേശത്തെ വഞ്ചിച്ചേക്കാം. എന്നാൽ അഴിമതിയിൽ മുങ്ങിയ പാർട്ടി മെഷിനറിക്കെതിരെ ഇത്രയേറെ ജനം ധൈര്യപൂർവ്വം തെരുവി



**വി.എസിനോടുള്ള ആരാധനയായിരിക്കാം അവരെ അതിന് പ്രേരിപ്പിച്ചത്. പക്ഷെ നീതിബോധം തന്നെയാണ് അതിന് പിന്നിലുള്ള ആത്യന്തികമായ വികാരം. വി.എസ് ഒരുപക്ഷെ നാളെ ഇവരുടെ ആവേശത്തെ വഞ്ചിച്ചേക്കാം. എന്നാൽ അഴിമതിയിൽ മുങ്ങിയ പാർട്ടി മിഷനറിക്കെതിരെ ഇത്രയേറെ ജനം ധൈര്യപൂർവ്വം തെരുവിലിറങ്ങി എന്നത് പ്രതീക്ഷയുള്ള കാര്യമാണ്.**

ലിറങ്ങി എന്നത് പ്രതീക്ഷയുള്ള കാര്യമാണ്. ജീവൻപോലും പണയം വച്ചാണ് പലരും പ്രകടനത്തിനിറങ്ങിയത്. അടിച്ചമർത്തലുകൾ ഉണ്ടാകുന്ന സ്ഥലങ്ങളിലാണ് ഇത്തരം പൊട്ടിത്തെറികൾ സംഭവിക്കുന്നത്. പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ഉണ്ടായതും അടിച്ചമർത്തലുകൾക്കെതിരെയുള്ള കലാപമാണ്. വിമത ശബ്ദങ്ങൾക്കുള്ള ജനാധിപത്യ ഇടങ്ങൾ വർഷങ്ങളായി ഇല്ലാത്തതുകൊണ്ടാണ് അവിടെ കലാപങ്ങൾ ഉയർന്നുവരുന്നത്. ഈജിപ്റ്റിലും ലിബിയയിലും തുടർന്നുണ്ടാകുന്ന അധികാരമാറ്റം ജനങ്ങൾക്ക് ഉപകാരപ്രദമാകുമോ എന്ന് പറയാൻ കഴിയില്ല. നിങ്ങളുടെ എതിർപ്പുകൾ പ്രകടിപ്പിക്കാൻ ഇന്ത്യൻ ജനാധിപത്യത്തിൽ ഇടമുള്ളതുകൊണ്ടാണ് ഇവിടെ അത്തരത്തിലുള്ള ഒരു പൊട്ടിത്തെറി സംഭവിക്കാത്തത്. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഇപ്പോൾ സംഭവിച്ചത് അത്തരത്തിലുള്ള ഒരു പൊട്ടിത്തെറിയാണ്. വിമതശബ്ദങ്ങൾക്ക് ഇടമില്ലാത്ത പാർട്ടിയുടെ സ്റ്റാലിനിസ്റ്റ് അധികാരഘടനയ്ക്കെതിരെ ജനങ്ങൾ പൊട്ടിത്തെറിച്ചതാണ് വി.എസ് അനുകൂല പ്രകടനങ്ങളിലൂടെ സംഭവിച്ചിരിക്കുന്നത്. വി.എസിന്റെ കൂടെ നിൽക്കുന്നവർക്ക് വ്യക്തിപരമായി നേട്ടമൊന്നുമുണ്ടാകില്ല, മാത്രമല്ല പാർട്ടി മെഷിനറി അവരെ തകർക്കാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ പിണറായിയുടെ കൂടെ നിന്നാൽ പല ഗുണങ്ങളുമുണ്ട്. വ്യക്തിതാത്പര്യങ്ങൾ നോക്കിയിട്ടാണ് പല എഴുത്തുകാരും ബുദ്ധിജീവികളും അയാളോടൊപ്പം നിൽക്കുന്നത്. അല്ലാതെ അവർ പറയുന്ന ഉദാത്തമായ കാര്യങ്ങളും പിണറായിയുടെ രാഷ്ട്രീയവും തമ്മിൽ എന്ത് ബന്ധമാണുള്ളത്. എന്നാൽ ഇനിയും പിണറായിയെ ന്യായീകരിക്കുന്നത് നാണക്കേടായി തീർന്നതിനാൽ അവർ പലരും ഇപ്പോൾ നിശബ്ദരാണ്. ഓൺലൈൻ മാധ്യമങ്ങളിൽ അവർക്കെതിരെയുണ്ടാകുന്ന പല രൂക്ഷവിമർശനങ്ങൾക്കും ഇപ്പോൾ അവർ മറുപടി പറയുന്നില്ല.

അത്തരത്തിൽ തെരഞ്ഞെടുപ്പ് ഫലമെന്തായാലും കേരളത്തിന് പ്രതീക്ഷിക്കാനൊന്നുമില്ലാത്ത തെരഞ്ഞെടുപ്പാണ് വരുന്നത്. ജാതി-മത ശക്തികളാലും സാമ്പത്തിക താത്പര്യങ്ങളാലും നയിക്കപ്പെടുന്ന വലതുഭരണം അല്ലെങ്കിൽ അഴിമതി നിറഞ്ഞ ഇടതു ഭരണം, ഇതിൽ ഏതെങ്കിലും ഒന്ന് മാത്രമാണ് കേരള ജനതയ്ക്ക് പ്രതീക്ഷിക്കാനുള്ളത്.

നീതിബോധം നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരു ജനത ഇന്നുമുണ്ടെന്ന് വി.എസ്സിന് വേണ്ടി തെരുവിലിറങ്ങിയവർ ബോധ്യപ്പെടുത്തിയതുമാത്രമാണ് ആകെ പ്രതീക്ഷ നൽകിയ സംഭവം. സി.പി.എം പോലെ ശക്തമായ സ്റ്റാലിനിസ്റ്റ് സംഘടനാസംവിധാനമുള്ള ഒരു പാർട്ടിയെ വെല്ലുവിളിച്ച് ജനങ്ങളും അണികളും തെരുവിലിറങ്ങുക എന്നത് വലിയ കാര്യമാണ്. കേരളത്തിന്റെ ഇപ്പോഴത്തെ സാഹചര്യ

### ജനകീയരാഷ്ട്രീയവും തെരഞ്ഞെടുപ്പും

ജനകീയരാഷ്ട്രീയം ഇലക്ഷനിൽ ഉന്നയിക്കപ്പെടാൻ സാധ്യതയില്ല. പ്രധാന വിഷയങ്ങളിൽ ആരും തൊടുന്നില്ല, പൊതുജനവും. പൊതുജനം corrupted ആയതുകൊണ്ടാണ് അവർക്കും ജനകീയ വിഷയങ്ങളിൽ താത്പര്യമില്ലാത്തത്. കേരളത്തിന്റെ പൊതുബോധം തന്നെ corrupted

ആയിരിക്കുന്നു. പിണറാ യിയെപ്പോലുള്ള നേതാക്കൾ സൃഷ്ടി ക്കപ്പെടുന്നതും നിലനിൽക്കുന്നതും അതുകൊണ്ടാണ്. അതിനിടയിലും നീതിബോധത്തിന്റ സൂചനകൾ കാണുമ്പോൾ സന്തോഷമുണ്ട്. പൊതുജനങ്ങളുടെ ബോധത്തിൽ ബദൽ ചിന്തകൾക്ക് സ്ഥാനം ലഭിക്കു ന്നില്ല. സോളിഡാരിറ്റിയെപ്പോലെ സ്ഥാപിതതാത്പര്യങ്ങളുടെ സംഘടന കളാണ് ഇവിടെ ബദൽ കൊണ്ടുനട ക്കുന്നത്. അവരുടെ സഹായമില്ലെ ങ്കിൽ ബദലുകളെക്കുറിച്ചുള്ള പല സംഭഷണങ്ങളും ഇവിടെ സാധ്യമാകി ല്ലായിരുന്നു. അത്തരത്തിലാണോ ബദ ലുകൾ നിലനിൽക്കേണ്ടത്? അങ്ങിനെ നിലനിൽക്കുന്നത് ശരി യാണോ? ജനകീയമായി തന്നെയല്ലേ ബദലുകൾ നിലനിൽക്കേണ്ടത്? തുട ങ്ങിയ ചോദ്യങ്ങൾക്ക് സാമൂഹിക പ്രവർത്തകർ ഉത്തരം പറയേണ്ടിയിരി ക്കുന്നു. ബദലുകൾക്ക് സാംസ്കാ രികമായ പിന്തുണ നൽകാനുള്ള സാഹചര്യവും കേരളത്തിൽ ഇന്ന് നിലനിൽക്കുന്നില്ല. പണ്ട് ബദലുകൾ പറഞ്ഞിരുന്നവരെല്ലാം ഇന്ന് എവിടെ യെത്തിനിൽക്കുന്നു എന്ന് ചിന്തിക്കേ ണ്ടിയിരിക്കുന്നു.

## തെരഞ്ഞെടുപ്പിൽ ചർച്ചയാകേണ്ട കാര്യങ്ങൾ

വിദേശത്ത് നിന്നും കേരളത്തിലേക്ക് വരുന്ന പണം ശരിയായി വിനി യോഗിക്കാനുള്ള സംവിധാനങ്ങളു ണ്ടാകണം. കഴിഞ്ഞ 30 വർഷമായി കേരളത്തിന്റെ തൊഴിൽ സംസ്കാ രത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത് ഈ അനിയന്ത്രിതമായ പണമാണ്. തലതിരിഞ്ഞ വികസന സങ്കൽപ്പ ങ്ങൾക്കായാണ് ആ പണം ഉപയോഗി ക്കപ്പെടുന്നത്. ആവശ്യമുള്ള പല തൊഴിലുകളും ചെയ്യാൻ കേരളത്തിൽ ആളുകളെ കിട്ടാത്ത സാഹചര്യം നില വിൽ വന്നിരിക്കുന്നു. എന്താണ് നമ്മുടെ ചെറുപ്പക്കാർ ചെയ്യുന്നതെന്ന് പറയാൻ കഴിയുന്നില്ല. പിൻവാതിൽ നിയമനം പോലുള്ള അഴിമതികൾ നടക്കുന്നതുപോലും അവരെ ക്ഷുബ്ധരാക്കുന്നില്ല. നീതിനിഷ്ഠ മായ ഭരണനടത്തിപ്പ് കേരളത്തിൽ ഇല്ലാതായിരിക്കുന്നു. അഴിമതിയെ നിയന്ത്രിക്കാനുള്ള സംവിധാനം നമുക്ക് നഷ്ടമായിരിക്കുന്നു. അത് തിരിച്ചുപിടിക്കണം. അത്തരത്തിലുള്ള

**വിദേശത്ത് നിന്നും കേരളത്തിലേക്ക് വരുന്ന പണം ശരിയായി വിനിയോഗിക്കാനുള്ള സംവിധാനങ്ങളുണ്ടാകണം. കഴിഞ്ഞ 30 വർഷമായി കേരളത്തിന്റെ തൊഴിൽ സംസ്കാരത്തെ നശിപ്പിച്ചുകൊണ്ടി രിക്കുന്നത് അനിയന്ത്രിതമായ ഈ പണമാണ്.**

സാംസ്കാരികാന്തരീക്ഷം സൃഷ്ടിക്ക പ്പെടണം. നിയമവാഴ്ചയിൽ സാധാര ണക്കാർക്കുണ്ടായിരിക്കുന്ന വിശ്വാസ നഷ്ടം പരിഹരിക്കാൻ കഴിയണം. ചിന്തിക്കുന്നവരെയെല്ലാം സ്ഥാനങ്ങൾ കൊടുത്ത് പാർട്ടികൾ വിലയ്ക്കെടു ത്തിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം അടിസ്ഥാന പ്രശ്നങ്ങ ളൊന്നും തെരഞ്ഞെടുപ്പിൽ ചർച്ചചെ യ്യാൻ അവരും ആഗ്രഹിക്കുന്നില്ല. അഴിമതിക്ക് നല്ല വ്യവസ്ഥാപിതത്വം കിട്ടിയിരിക്കുന്നു. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പല മുതിർന്ന പ്രവർത്തകരും ഇടത് ഭരണത്തിൽ പല നിർണ്ണായക സ്ഥാനങ്ങളിലുമിരു ന്നിട്ടും അവർ പണ്ട് പറഞ്ഞ കാര്യങ്ങ ളിൽ ഒന്നും ചെയ്യാൻ കഴിയാതെ പോയത് അഴിമതിയുടെ നൂലാമാല കൾ കാരണമാണ്.

കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും സമ്പന്നമായ കാലഘട്ടത്തി ലൂടെയാണ് നമ്മൾ ഇപ്പോൾ കടന്നു പോകുന്നത്. ഉത്സവം പോലെ ജീവിതം ആഘോഷിക്കുകയാണ് മല യാളി. തെരഞ്ഞെടുപ്പ് പോലും ഈ ഉത്സവത്തിന്റെ ഭാഗമാണ്. ജീവിതം ശരിയായ രീതിയിൽ മാനേജ് ചെയ്യാൻ കഴിയാത്തവർക്ക് മാത്രമാണ് ദാരിദ്ര്യ മുള്ളത്. കഷ്ടപ്പാടുകൾ അനുഭവിക്കു ന്നവർക്ക് സാമ്പത്തികവും വൈകാരി കവുമായ പിന്തുണ ലഭ്യമാക്കാനുള്ള സാഹചര്യവും കേരളത്തിൽ നില നിൽക്കുന്നുണ്ട്. Biting need ആയി മലയാളികളെ ഒന്നും ബാധിക്കുന്നില്ല. അതുകൊണ്ടുതന്നെ അവർ നിർജ്ജീ വമായി തുടരുന്നു. വിഭവങ്ങളെക്കു റിച്ച് നടക്കുന്ന ചർച്ചകളൊന്നും അവരെ ബാധിക്കുന്നില്ല. ഭരണതല ത്തിലുള്ളവർക്ക് അത്തരം ചർച്ചകളി ലൊന്നും താത്പര്യവുമില്ല. വിഭവങ്ങ മായി തെരഞ്ഞെടുപ്പിൽ അവതരിപ്പി ക്കപ്പെടണം. കൈയ്യേറ്റം ചെയ്യപ്പെട്ട ഭൂമി തിരിച്ചുപിടിക്കുക, ഭൂമി വിത രണം ചെയ്യുക എന്നീ കാര്യങ്ങളിൽ കൃത്യമായ മാനദണ്ഡം കൊണ്ടുവര ണം.

## ജനാധിപത്യത്തെ നവീകരിക്കൽ

ജനാധിപത്യത്തെ നവീകരിക്കൽ ക്രമാനുഗതമായി നടക്കേണ്ട കാര്യമാ ണ്. ലോകത്ത് ഒരിടത്തും ജനാധി പത്യം മികച്ച നിലയിലല്ല. മികച്ച തെന്ന് നമ്മൾ പറയുന്ന അമേരിക്കൻ-യൂറോപ്യൻ ജനാധിപത്യമെല്ലാം ആഭ്യന്തരമായി മാത്രമാണ് മികച്ചതാ കുന്നത്. മൂന്നാം ലോകരാജ്യങ്ങളെ നൂറ്റാണ്ടുകളായി കൊള്ളയടിച്ചതിന്റെ മിച്ചമൂല്യമാണ് ആ ജനാധിപത്യങ്ങളെ യെല്ലാം നിലനിർത്തുന്നത്. വിക്കിലീ ക്സിന്റെ ജൂലിയൻ അസാഞ്ചിനെ സ്ത്രീപീഡനകേസിൽ കുടുക്കി പീഡിപ്പിക്കുന്നത് ലോകത്തിലെ ഉന്ന തമായ ജനാധിപത്യം നിലനിൽക്കു ന്നെന്ന് പറയുന്ന സ്വീഡനാണ്. സംസാരിക്കാൻ പോലും സ്വാതന്ത്ര്യമി ല്ലാത്ത അവസ്ഥയാണ് മറ്റ് ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലെ ജനാധിപത്യം. ഇവയെ അപേക്ഷിച്ച് ഇന്ത്യൻ ജനാധിപത്യം എത്രയോ മെച്ചമാണ്. നമ്മുടെ ഭരണഘടന വിപ്ല വകരമായ ഒരു ഡോക്യുമെന്റാണ്. അത് വാഗ്ദാനം ചെയ്യുന്ന നിയമവാ ഴ്ചയും സുതാര്യതയും സമത്വവും ഉള്ള ലോകം അകലെയാണ്. അതി ലേക്ക് ഇഞ്ചിഞ്ചായെങ്കിലും പുരോഗ മിക്കണം.


*With best compliments from*

**CENTRE FOR POST GRADUATE STUDIES**

**P.G. Centre**

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com